നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം

24 (A)(3214) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ജീവനക്കാർക്ക് ശമ്പളത്തിനുള്ള ഫണ്ട് സ്വരൂപിക്കുന്നത് ഏപ്രകാരമാണ് ; ശമ്പളത്തിനായി അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് നൽകിയിട്ടുണ്ടോ ; ഇവർക്ക് മിനിമം വേജസ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഈ കേന്ദ്രത്തിലെ ജീവനക്കാർക്ക് സേവനവേതന വ്യവസ്ഥകൾ ഏർപ്പെടുത്തുവാനും ജോലി സ്ഥിരത ഉറപ്പു വരുത്തുവാനും വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(സി) അന്തർ ദേശീയ തലത്തിൽ പ്രസക്തി നേടിയ നിർമ്മിത കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി സർക്കാർ എന്തെങ്കിലും ഭരണപരമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത എത്ര ജീവനക്കാരാണ് ഇപ്പോൾ നിർമ്മിതി കേന്ദ്രത്തിൽ ജോലി ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ ; അവർ ആരൊക്കെയാണ് ?

ഉത്തരം

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം വോളണ്ടിയർമാർക്ക് നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിലൂടെ സ്വരൂപിക്കുന്ന ഫണ്ടിൽ നിന്നാണ് ഓണറേറിയം നല്കുന്നത്. ശമ്പളത്തിനായി അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് നൽകുന്നില്ല. ഇവർക്ക് മിനിമം വേജസ് ഏർപ്പെടുത്തിയിട്ടില്ല.

(ബി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ വോളണ്ടിയർമാരാണുള്ളത്. അവരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ആറ് ജീവനക്കാരാണ് ഇപ്പോൾ നിർമ്മിതികേന്ദ്രത്തിൽ ജോലി ചെയ്യുന്നത്. ഇവരുടെ പേരു-വിവരം താഴെ ചേർക്കുന്നു.

1. ശ്രീ. ജി. രാധാകൃഷ്ണ പണിക്കർ - സീനിയർ പ്രോജക്റ്റ് എൻജിനിയർ, പി.റ്റി.പി. നഗർ.
2. ശ്രീ. പ്രൊഫ. വി. കെ. ലക്ഷ്മണൻ നായർ - കൺസൾട്ടന്റ്, തൃശൂർ.
3. ശ്രീ. സി. എഫ്. എബ്രഹാം - റീജിയണൽ മാനേജർ, എറണാകുളം.

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. ബാലകൃഷ്ണൻ നായർ - പ്രോജക്ട് കോ-ഓർഡിനേറ്റർ, കൊട്ടാരക്കര.

5. ശ്രീ. കെ. പി. ദാമോദരൻ - പ്രോജക്റ്റ് കോ-ഓർഡിനേറ്റർ, പാലാ.

6. ശ്രീ. എം. ടി. വർഗ്ഗീസ് - പ്രോജക്റ്റ് കോ-ഓർഡിനേറ്റർ, അടൂർ.

പോള വാരുവാൻ ഇറങ്ങി മരിച്ചവരുടെ കുടുബാംഗങ്ങൾക്ക് സാമ്പത്തിക സഹായം

25 (3215) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ നാട്ടകം പഞ്ചായത്തിലെ മൂലേടംതോട്ടിൽ പോള വാരുവാൻ ഇറങ്ങിയ തൊഴിലാളികളിൽ മരിച്ചവരുടെ കുടുംബങ്ങൾക്കും രോഗ ബാധിതരായി ആശുപത്രിയിൽ കഴിയുന്നവർക്കും സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൽമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) മരിച്ചവരുടെ കുടുംബങ്ങൾക്കും ആശുപത്രിയിൽ പ്രവേശിപ്പിച്ചവർക്കും അടിയന്തിര സാമ്പത്തിക സഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കോട്ടയം ജില്ലയിൽ നാട്ടകം പഞ്ചായത്തിലെ മുലേടം തോട്ടിൽ പോള വരുവാൻ ഇറങ്ങിയ തൊഴിലാളികളിൽ മരണമടഞ്ഞ രണ്ടു പേരുടെ കുടുംബങ്ങൾക്ക് 30,000 രൂപ വീതവും ആശുപത്രിയിൽ പ്രവേശിപ്പിച്ച 25 പേർക്ക് 500 രൂപ വീതവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചു നൽകിയിട്ടുണ്ട്.

എം. പി. മാരുടെ പ്രദേശിക വികസന പദ്ധതി

26 (3216) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർലമെന്റംഗങ്ങളുടെ പ്രദേശിക വികസന പദ്ധതി അനുസരിച്ച് 1998-99, 1999-2000 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഓരോ എം. പി. മാരുടെയും നിർദ്ദേശപ്രകാരം ഏതൊക്കെ പദ്ധതികൾക്ക് തുക അനുവദിച്ച് കളക്ടർമാർ ഭരണാനുമതി നല്കിയെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇവയിൽ ഇനിയും ഭരണാനുമതി നല്കാൻ അവശേഷിക്കുന്ന ഓരോ പദ്ധതികളുടെയും വിശദവിവരം നല്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly